# പെണ്ണ് 'നോ' പറയാൻ പഠിക്കട്ടെ

സിസ്റ്റർ ജെസ്മി



**സ്ത്രീ** വിമോചനത്തെയും ശാക്തീകരണത്തെയും കുറിച്ച് ഇക്കാലത്ത് പെണ്ണിനെ എങ്ങനെ സ്വതന്ത്രയാക്കാം എന്ന ചിന്തയാണ് ഉണ്ടാവേണ്ടത്. മനുഷ്യൻ എന്നൊരു ഗണത്തിൽ സ്ത്രീയെ വേറിട്ട് നിർത്തി സമൂഹം നിയമങ്ങളും അതിരുകളും കൽപിക്കുന്നു. സ്ത്രീ എന്നതിന്റെ മറുപുറത്തുള്ള പുരുഷൻ, അല്ലെങ്കിൽ പൊതുസമൂഹം സ്ത്രീക്ക് ചിന്തിക്കാനുള്ള സ്വാതന്ത്ര്യം മുതലുള്ള പരിഗണനകൾ നൽകണം. ഇന്നും ഒരു പൂമൊട്ടായി മാത്രം നിൽക്കുന്ന സ്ത്രീ ശരിക്കും വിരിഞ്ഞു വരിക എന്നതാണ് യാഥാർഥ്യമാകേണ്ടത്. സർവോപരി മനുഷ്യനായി മാറുക എന്നതിലേക്ക് വളരുക, അപ്പോഴാണ് സ്ത്രീ, ശാക്തീകരണത്തിലേക്ക് വഴിമാറുക.

## അടിമകളെ സൃഷ്ടിക്കരുത്

വിദ്യാഭ്യാസം നൽകുക എന്ന ഒറ്റ മാനദണ്ഡംകൊണ്ട് സ്ത്രീശാക്തീകരണം സംഭവിക്കുമെന്ന് കരുതാനാവില്ല. ഇന്ന് മതസംഘടനകൾ തന്നെ ധാരാളം സ്കൂളുകളും കോളേജുകളും നടത്തുന്നു. ഇവിടെ എന്താണ് പഠിപ്പിക്കുന്നത് എന്ന് നമ്മൾ നോക്കണം. മാന്യരായി വളരുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ പ്രഥമ പാഠം. അടങ്ങിയൊതുങ്ങി ജീവിക്കാൻ പഠിപ്പിക്കുന്നു. ഈ പാഠം തന്നെയാണ് മത വിദ്യാഭ്യാസ സ്ഥാപനങ്ങളും നൽകുന്നത്. മല്ലിക ടീച്ചർ പറഞ്ഞതുപോലെ, 'അടിമകൾക്ക് അടിമകളെ സൃഷ്ടിക്കാനേ കഴിയൂ'. കൊണ്ടുവരുന്ന കുട്ടികളെ എങ്ങനെ അടിമകളാക്കി വളർത്താം എന്നിടത്താണ് ഇവരും ഉള്ളത്. അടങ്ങിയൊതുങ്ങുക എന്ന സങ്കൽപത്തിന് വിപരീതം കാണിച്ചാൽ പെണ്ണിന് ചീത്ത സർട്ടിഫിക്കറ്റ് നൽകുന്നു. എന്തു പറഞ്ഞാലും 'യെസ്' എന്ന് ചൊല്ലി പഠിക്കുക. ഇവിടെ 'നോ' എന്ന് പറയാൻ അനുവദിക്കുന്നില്ല. ഇങ്ങനെയുള്ള ഇന്നത്തെ വിദ്യാഭ്യാസത്തിന് എങ്ങനെ സ്ത്രീകളെ പരിഗണിക്കാനാവും. അതുകൊണ്ട് വിദ്യാഭ്യാസക്രമം മാറ്റിപ്പണിയാനുള്ള തയാറെടുപ്പുകളാണ് വേണ്ടത്.

സ്ത്രീകൾക്ക് കായികമായി കൂടി ശക്തി പ്രാപിക്കാൻ കഴിയുന്ന വിദ്യാഭ്യാസ ക്രമമാണ് വേണ്ടത്. ഇത്തരത്തിൽ സർവകലാശാലാ തലങ്ങളിൽ ചർച്ചകൾ കുറച്ചുകൂടി സജീവമാകണം. പ്രതികരിക്കാനും ശബ്ദിക്കാനും പെണ്ണിനെ പ്രോത്സാഹിപ്പിക്കുന്ന കാമ്പസുകൾ ഉണ്ടാവണം. നാം സ്വാതന്ത്ര്യം നൽകുമ്പോഴാണ് പെണ്ണിന് സ്വതന്ത്രയായി വളരാൻ കഴിയുന്ന വിദ്യാഭ്യാസം ഉണ്ടാകുന്നത്. അങ്ങനെയവൾ 'നോ' പറയാൻ ശീലിക്കണം. 'യെസ്' എന്ന് പറയാൻ ഏറെ എളുപ്പമാണ്. ഈ

ബോധത്തിൽനിന്നാണ് സ്ത്രീയിൽ അന്ധവിശ്വാസം ഉടലെടുത്തത്. മതത്തിന്റെ അന്ധവിശ്വാസങ്ങളിൽ സ്ത്രീ കൂടുതൽ തളച്ചിടപ്പെട്ടു. സ്ത്രീ എന്തെങ്കിലും ചെയ്താൽ അത് വൻ പാപമായി ചിത്രീകരിച്ച് അവളെ അന്ധവിശ്വാസങ്ങളുടെ ഉപകരണമാക്കുകയാണ്. എന്നാൽ പ്രതികരിക്കാൻ ശീലിക്കുന്ന പെണ്ണ് ഇതിൽനിന്ന് മുക്തയാകും. അതുവഴി സ്ത്രീ സ്വന്തം അഭിപ്രായം പ്രകടിപ്പിച്ച് ശാക്തീകരണത്തിന് മാറ്റുകൂട്ടുന്നു.

## വസ്ത്രത്തിന്റെ പരിമിതി

തല മൂടിയിട്ട് നടക്കുന്നത് വലിയ സുരക്ഷിതത്വമാണ് എന്ന് വിശ്വസിക്കുന്നു. ഞാൻ തിരുവസ്ത്രം ഇട്ടു നടക്കുമ്പോഴും ഇങ്ങനെയായിരുന്നു ചിന്തിച്ചിരുന്നത്. ഇത് അഴിച്ചുവെച്ചപ്പോഴും എനിക്ക് കിട്ടേണ്ടുന്ന സുരക്ഷിതത്വം എനിക്ക് കിട്ടുന്നു. വസ്ത്രം കൊണ്ട് മാത്രം സുരക്ഷിതത്വം ലഭിക്കും എന്ന ബോധത്തിൽ നമ്മെ തളച്ചിട്ടിരിക്കുകയാണ്. ഞങ്ങളുടെ കോളേജുകളിൽ പഠിക്കുന്ന മുസ്‌ലിം പെൺകുട്ടികൾ തട്ടമിടാറില്ലായിരുന്നു. പക്ഷേ അവരുടെ വിവാഹശേഷം കാമ്പസിൽ വരുന്നത് ആകെ മൂടിപ്പുതച്ചാണ്. എന്താണ് എന്ന് ചോദിച്ചാൽ 'ഭർത്താവിന്റെ വീട്ടുകാരുടെ ഇഷ്ടത്തിനൊത്ത് നീങ്ങുന്നു, ഒരു രക്ഷയുമില്ല' എന്ന മറുപടിയാണ് ലഭിക്കുക. ഇതൊക്കെ ഒരുതരം യാഥാസ്ഥിതിക ബോധമാണ്. ഞങ്ങൾക്ക് തിരുവസ്ത്രം ധരിക്കുമ്പോൾതന്നെ സാരിയുടുത്ത് ജനങ്ങളോടൊപ്പം സേവനം ചെയ്യാൻ അനുവാദം ഉണ്ടായിരുന്നു. ജനങ്ങളിൽനിന്ന് തീർത്തും വ്യത്യസ്തരാവരുത് എന്നതിനായിരുന്നു ഇത്. എന്നാൽ ഇതിനെ തടഞ്ഞിരുന്നു. സ്ത്രീകൾ മുടിമറക്കട്ടെ എന്ന പഴഞ്ചൻ വാക്യം എടുത്തിട്ടാണ് സാരി ധരിക്കുന്നതിനെ തടഞ്ഞത്. എന്തിനാണ് ഇങ്ങനെ പറഞ്ഞുനടക്കുന്നത്. എന്തിനാണ് ഇങ്ങനെയൊക്കെ പറയുന്നത്. ഇത് തീർത്തും സ്ത്രീയെ ഒതുക്കൽ തന്നെയാണ്.

ഇങ്ങനെ മൂടിമറച്ച് ജീവിക്കുന്നവർ പറയുന്നത്, ഞങ്ങൾക്ക് ഇങ്ങനെ വസ്ത്രം ധരിക്കുന്നത് ഞങ്ങളുടെ സുഖമാണ്. ഞങ്ങൾക്കിതിൽ പ്രശ്നമില്ലെങ്കിൽ കാണുന്നവരുടെ കുഴപ്പം ഞങ്ങൾക്ക് ശ്രദ്ധിക്കേണ്ട കാര്യമില്ല എന്നാണ്. വസ്ത്രമിടാതെ നടക്കുന്ന പെണ്ണിന് മറിച്ചും പറയാമല്ലോ. എനിക്ക് വസ്ത്രമിടാതെ നടക്കുന്നതാണ് സുഖം എന്ന് അവളും പറഞ്ഞാൽ എങ്ങനെയാണ് ശരിയാവുക.

ഞാൻ പറയുന്നത്, വസ്ത്രധാരണത്തിൽ മാന്യത വേണ്ട എന്നല്ല. ഞാൻതന്നെ ഔദ്യോഗിക ചടങ്ങുകളിൽ സാരി ധരിക്കുന്നത് നിവൃത്തികേടുകൊണ്ടാണ്; സാരിക്ക് ഇന്നും സമൂഹത്തിൽ ഉള്ള ഒരു പരിഗണന ഒന്നുകൊണ്ട് മാത്രമാണ്. സാരി കണ്ടുപിടിച്ച പുരുഷനോട് എനിക്ക് ദേഷ്യം വരുന്നു എന്ന് ഒരു മുസ്‌ലിം സ്ഥാപനാധികാരി പറഞ്ഞത് ഞാൻ സന്തോഷത്തോടെ ഓർക്കുന്നു. സ്ത്രീയുടെ ശരീരം ഒരുപാട് പ്രദർശിപ്പിക്കുന്ന സാരി എന്ന വസ്ത്രത്തേക്കാൾ എത്രയോ നല്ലതാണ് വടക്കേ ഇന്ത്യൻ വസ്ത്രം എന്ന് പറയുന്ന ചുരിദാർ. കൂട്ടത്തിൽ പറയട്ടെ, ചുരിദാറും മോശപ്പെടുത്തി ധരിക്കാം. ഏതു വസ്ത്രവും അങ്ങനെയാക്കാം എന്നത് ശരിയാണ്. എന്നാൽ ഒരു സമൂഹം സ്ത്രീയോട് പറയുന്നു മൂടികെട്ടി നടക്കണമെന്ന്. പുരുഷന് മൂടികെട്ടേണ്ടതില്ലാ എന്നും പറയുന്നു. അതെന്തുകൊണ്ട്? ഞാൻ പറയുന്നു, സ്ത്രീക്ക് സ്വാതന്ത്ര്യം നൽകണം.

## ഫെമിനിസം ഫാഷനാകുന്നു

ഫെമിനിസവും അത്തരം ഗ്രൂപ്പുകളും ഒരുതരം ഫാഷനായിട്ടാണ് കാര്യങ്ങളെ കൊണ്ടുനടക്കുന്നത്. നമ്മൾ എപ്പോഴും പാശ്ചാത്യരെ കണ്ടിട്ടാണ് ചിന്തിക്കാൻ തുടങ്ങുന്നതുതന്നെ. ഡീ കൺസ്ട്രക്ഷൻ വന്നപ്പോൾ നമ്മൾ പറഞ്ഞു ഇവിടെ പണ്ടേ

ശൂന്യതാവാദം ഉണ്ടെന്ന്. പാശ്ചാത്യൻ പറയുമ്പോൾ ഇവിടെ എല്ലാം ഉണ്ടായിരുന്നു എന്ന് പറഞ്ഞ് നമ്മുടെ ചിന്ത ഉണരുന്നു. ഇവിടെ എല്ലാം ഉണ്ടായിരുന്നു എന്ന് പറഞ്ഞിട്ട് എന്തുകൊണ്ടാണ് ഒന്നും കാണാതെ വരുന്നത്. ഇത് സൂചിപ്പിക്കുന്നത് നമ്മുടെ മൂല്യങ്ങളെ ശരിയാംവണ്ണം പ്രചരിപ്പിക്കാൻ നമുക്ക് അറിയില്ല എന്നാണ്. ഇവിടത്തെ ഒരുപാട് എഴുത്തുകാർ പാശ്ചാത്യരെ അനുകരിക്കുക കൂടി ചെയ്യുന്നു. അവരുടേത് വായിക്കാം പക്ഷേ അവർ കാര്യങ്ങൾ കൊണ്ടുവുരമ്പോൾ അതിൽ മൂല്യം തെരയുന്നതിനു പകരം നമ്മുടെ മൂല്യങ്ങളെക്കുറിച്ച് ചിന്തിക്കാൻ നമുക്കാവണം. അല്ലെങ്കിൽ കടമെടുക്കലും കാട്ടിക്കൂട്ടലുമൊക്കെയായി മാറും.

ഫെമിനിസ്റ്റ് ഗ്രൂപ്പുകൾക്ക് സ്ത്രീവിഷയത്തിൽ കാര്യമായി എന്തെങ്കിലും ചെയ്യാൻ സാധിക്കും എന്ന് കരുതുക സാധ്യമല്ല. സ്ത്രീകൾക്കിടയിൽ ഫെമിനിസത്തിന്റെ തീവ്രത ഞാൻ കണ്ടു. കുറച്ച് യുവതികൾ സംസാരിക്കുന്നത് കേൾക്കാനിടയായി: 'ഇതുവരെ കഴുത്തിനു താഴെ ഒരു ശരീരം ഉണ്ടായിരുന്നുവെന്ന് സ്ത്രീ അറിഞ്ഞിരുന്നില്ല. ഇന്ന് ഞങ്ങൾ പറയുന്നു, കഴുത്തിനു താഴെ ശരീരമേ ഉള്ളൂ' എന്ന്. ഇത് ഫ്രഞ്ച് ഫെമിനിസത്തിന്റെ ലൈംഗികബോധത്തിന്റെ അറ്റത്തേക്കാണ് പോകുന്നത്. ഇങ്ങനെ നമ്മൾ അധഃപതിക്കുന്നു. പഴയ ഫെമിനിസ്റ്റ് ഗ്രൂപ്പുകൾ എന്തുകൊണ്ട് ലൈംഗിക സ്വാതന്ത്ര്യത്തിന് വാദിച്ചില്ല എന്നാണ് ഇവർ ചോദിക്കുന്നത്. അതായത് ഇന്ന് പാശ്ചാത്യ നാടുകളിൽ കാണുന്ന അരാജകത്വം വേണമെന്ന്. വഴക്ക് കൂടുന്ന ഇവർക്കിടയിൽനിന്ന് ഒരു മധ്യവർത്തിയെ പോലെ ഞാൻ പറഞ്ഞു, ഇത് സ്ത്രീക്ക് പല്ലിന്റെ ഇടയിൽ വറ്റ് കുടുങ്ങിയിട്ടുള്ള അസുഖമാണ്. കഴിക്കാൻ ഭക്ഷണമില്ലാതിരുന്ന കാലത്ത് സ്ത്രീവിമോചന പ്രവർത്തകർ സ്ത്രീയുടെ അടിസ്ഥാന ആവശ്യത്തിന് ശബ്ദിച്ചപ്പോൾ അതിനെ തെറ്റായി കാണുന്നു. ഇന്ന് മറ്റെല്ലാ സ്വാതന്ത്ര്യങ്ങൾക്കുമൊപ്പം ലൈംഗിക സ്വാതന്ത്ര്യവും കൂടി ലഭിക്കണമെന്നാണ് വാദം. സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള ഈ ത്വര ശരിക്കും വഴിതെറ്റിപ്പോകുന്നു. ഇതാണ് പാശ്ചാത്യരെ അനുകരിക്കുന്നതോടെ സംഭവിക്കുന്ന ദിശാമാറ്റം. ഞങ്ങൾക്ക് എന്തുമാവാം, എന്തും ചെയ്യാം എന്നതിലേക്ക് കാര്യങ്ങൾ മാറുന്നു.

ഞങ്ങളെ ഒരു പട്ടിയും സ്ത്രീയും ആയി ഒന്നിപ്പിക്കാതിരിക്കുന്നതിന് നന്ദി എന്നാണല്ലോ യഹൂദർ പ്രാർഥിച്ചത്. സ്ത്രീയെ മനുഷ്യനായി കാണാൻ സാധിക്കാത്ത ബോധമാണ് ഇത്. ഈ ബോധത്തെ മറികടക്കാൻ സാധിക്കണം. ഇതിന് പ്രത്യയശാസ്ത്രം ഒരു മാനദണ്ഡമാണെന്ന് വിശ്വസിക്കാൻ കഴിയില്ല. മനുഷ്യനെ മനുഷ്യനായി കാണാൻ കഴിയുന്ന ഒരു വ്യക്തിവളർച്ച സാധ്യമാകണം. മാർക്സിസം പോലുള്ള ഇസങ്ങൾക്കു പോലും ഇക്കാര്യത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. മനുഷ്യനെ തട്ടുകളായി തിരിക്കുന്നതിന് പകരം അവരെ ഒന്നായി കാണാൻ കഴിയണം. പ്രത്യയശാസ്ത്രങ്ങളുടെ പ്രയോഗവത്കരണത്തിൽ പാളിച്ച സംഭവിക്കുന്നു. തുടക്കത്തിൽ ആവേശം കാട്ടുകയും പിന്നീടത് കെട്ടടങ്ങുകയും ചെയ്യുന്നു. പുറത്തിറങ്ങിയ ഞാൻ ഒന്നിനോടും ചേരാത്തതിനു കാരണം ഇതുതന്നെയാണ്; ഈ മായംകലർത്തൽ കണ്ടിട്ടാണ്. മനുഷ്യ പ്രേരിതമായ പോരായ്മകൾക്കപ്പുറത്ത് മൂല്യങ്ങൾ അട്ടിമറിക്കപ്പെടുന്നു എന്നത് ഖേദകരമാണ്. മദർ തെരേസയുടെ പ്രസ്ഥാനത്തിന്റെ ഭാവിയിൽ ഞാൻ ആശങ്കപ്പെടുന്നു. സിസ്റ്റർ നിർമലയുടെ കാലത്തുകൂടി കുറച്ചു തുടർന്നു. ഇനിയെന്താകും എന്നറിയില്ല. സ്ഥാപനവത്കരണമാണ് ഇതിനു കാരണം. വിശുദ്ധമായയെന്തും ഇങ്ങനെ അശുദ്ധമാവുന്നു. പൊതുജന മധ്യത്തിൽ സ്ഥാപനങ്ങൾ വേണ്ടേ എന്ന് ചോദിക്കാം. പക്ഷേ സ്ഥാപനവത്കരിക്കാതെ എങ്ങനെ സാധ്യമാകും

എന്ന് ചിന്തിക്കേണ്ടതുണ്ട്.

## അധികാരത്തിന്റെ ശക്തി

മഞ്ജുള പത്മനാഭൻ എന്ന ഒരു സ്ത്രീ 'ഹാർവെസ്റ്റ്' എന്ന ഒരു നാടകം എഴുതി അവാർഡ് നേടിയിരുന്നു. ഈ ഇംഗ്ലീഷ് നാടകം ഗോവിന്ദ നിഹലാനി ഹിന്ദിയിൽ 'ദേഹം' എന്ന പേരിൽ സിനിമയാക്കുകയും ചെയ്തു. ഈ നാടിനെ രക്ഷിക്കാൻ ഒരു സ്ത്രീയേ ഉള്ളൂ എന്നാണ് ഇതിൽ പ്രതിപാദിക്കുന്നത്. ഇതൊരു കഥയാണ് എന്ന് പറഞ്ഞ് തള്ളുക എന്നതിനപ്പുറം ഒരു യാഥാർഥ്യം തന്നെയാണ് ഇത് വെളിപ്പെടുത്തുന്നത്. സ്ത്രീക്ക് ഒരു ശക്തിയുണ്ട്, അവൾ അത് സംഭരിച്ച് ഉണർന്നാൽ പുരുഷന് തടുക്കുക സാധ്യമല്ല. ഇതുകൊണ്ടാവാം സ്ത്രീയെ ഉണരാൻ പുരുഷന്മാർ അനുവദിക്കാത്തത്. അവളിലെ ഈ ശക്തിയെ അല്ലെങ്കിൽ സ്ഫോടനാത്മകതയെ ഗുണകാംക്ഷയോടെ സമീപിച്ചാൽ സ്ത്രീ ഉണർന്നിരിക്കുന്നത് കാണാൻ സാധിക്കും. ഇങ്ങനെയാണ് മയിലമ്മയും ജാനുവുമൊക്കെ കേരളത്തിൽ ഉണ്ടാകുന്നത്. ഇറോം ശർമിളയുടെ നിരാഹാരം പത്താം വർഷത്തിലാണ്. ഇങ്ങനെയൊന്ന് പുരുഷന് സാധിക്കുമോ? എന്തുതന്നെ കുറ്റം കണ്ടെത്താൻ ശ്രമിച്ചാലും ഇന്ദിരാഗാന്ധിയും മദർ തെരേസയും ഒരു ശക്തിയായിരുന്നു. ഈ ശക്തി വളരെ കുറച്ചു പേരിലേ ഉണരുന്നുള്ളൂ എന്നതാണ് പ്രശ്നം. കെ.ജി ജോർജിന്റെ 'ആദാമിന്റെ വാരിയെല്ല്' എന്ന സിനിമയിൽ അവസാനം സ്ത്രീ ശാക്തീകരണത്തിന്റെ അടയാളമായി ഒരു വേലക്കാരി വരുന്നു. രക്ഷയുടെ കേന്ദ്രമെന്ന് പറയുന്ന 'റസ്ക്യൂ ഹോമി'ൽനിന്ന് അവൾ ഇറങ്ങിയോടുകയാണ്. ഇതൊരു ശക്തി ഉണരുന്നതിന്റെ ചിത്രീകരണം തന്നെയാണ്. ഇങ്ങനെ സംഭവിച്ചാൽ ഓരോരുത്തർക്കും ഓരോ മണ്ഡലത്തിലും പ്രവർത്തിക്കാൻ കഴിയും. രേവതിയും അപർണാസെന്നും സിനിമാലോകത്തും ഗുർകാദത്ത് പത്രപ്രവർത്തക മേഖലയിലും ഉണർന്ന് നിൽക്കുന്നവരാണ്.

ഇങ്ങനെ ഉണരാത്ത സ്ത്രീകളാണെങ്കിൽ എത്ര സംവരണം നടപ്പാക്കിയിട്ടും കാര്യമില്ല. അവർ പുരുഷന്മാരുടെ റബർസ്റ്റാമ്പുകളാകും. അതുകൊണ്ട് സംവരണം ഒരു പ്രഹസനമാകുകയേയുള്ളൂ. എന്നാൽ ഉണർന്ന് നിൽക്കുന്ന സ്ത്രീകളിൽ പ്രതീക്ഷ തന്നെയാണുള്ളത്. യേശു പറഞ്ഞത് അതാണ്, മനുഷ്യശരീരത്തിൽ പ്രകാശത്തിന്റെ കണികയുണ്ടെന്ന്. നമ്മിൽ പ്രകാശത്തിന്റെ സെല്ലുകളുണ്ട്. നമ്മൾ അത് കാണുന്നുണ്ടാവില്ല. എന്നാൽ ഇത് ആരിലേക്കൊക്കെ പ്രസരിക്കുന്നുവോ അവർക്ക് ഉണർന്ന് നിൽക്കാൻ സാധിക്കും. ഈ പോസിറ്റീവ് ചിന്താഗതി കൊണ്ടുതന്നെയാണ് ഞാൻ രക്ഷപ്പെട്ട് പുറത്തുവന്നത്. സ്ത്രീ സ്വയം തിരിച്ചറിഞ്ഞ് കടന്നുവരുമ്പോൾ മാത്രമാണ് ശാക്തീകരണത്തിന് സൗന്ദര്യമുണ്ടാവുക. കുടുംബത്തിനു പോലും ആവശ്യത്തിനുള്ള പ്രാധാന്യം മാത്രമാണ് കൊടുക്കേണ്ടത്. എല്ലാവർക്കും ഒരുപോലെയാകാൻ കഴിയില്ലല്ലോ. ഞാൻ പറയുന്നു കുടുംബം വേണം, കുട്ടികൾ വേണം. എന്നാൽ എല്ലാവർക്കും ഇങ്ങനെ സാധിക്കുകയില്ല. പലർക്കും പല തരത്തിലുള്ള വരങ്ങളാണ് കിട്ടിയിട്ടുള്ളത്. കുടുംബമില്ലെങ്കിൽ അരാജകത്വമാകും എന്ന് എന്തിന് ഭയപ്പെടണം. ചിലർ പറയുന്നു ഞങ്ങൾക്ക് കുട്ടികൾ വേണ്ടാ എന്ന്. ചിലർ സ്വവർഗരതിയിലേക്ക് പോകുന്നു. അങ്ങനെയുള്ളവർ അങ്ങനെ പോകട്ടെ. ഇവരെയൊക്കെ എന്തിന് കുടുംബത്തിലേക്ക് കൊണ്ടുവരണം. ബ്രഹ്മചര്യത്തിനായി കുറച്ചു പേരെങ്കിലും വിളിക്കപ്പെടുന്നുണ്ട്. അവർക്ക് അങ്ങനെ ജീവിക്കാനുള്ള അധികാരവും അവകാശവുമുണ്ട്. എല്ലാ രംഗത്തും എല്ലാവരും എന്നതിന് പകരം അവരവരുടെ ലോകത്ത് നിൽക്കാൻ സ്വാതന്ത്ര്യം കൊടുക്കണം.

ഫാദർ പോൾ കേലക്കാട് എന്നോട് ചോദിച്ചു, സിസ്റ്റർ ഇങ്ങനെയൊക്കെ

പുസ്തകമെഴുതിയാൽ നമുക്ക് ദൈവവിളി കുറയില്ലേ എന്ന്. ഞാൻ ചോദിച്ചു, എന്തിനാണ് നമ്മൾ ഗുണത്തേക്കാൾ ഗണത്തിന് പ്രാധാന്യം നൽകുന്നത് എന്ന്. എന്തിനാണ് നാം അളവിന് പ്രാധാന്യം നൽകുന്നത് എന്ന് ചോദിച്ചാൽ ബിസിനസ് എന്നാണ് ഉത്തരം. തങ്ങൾ ഉയർത്തിയ ആശുപത്രികളിലും കോളേജുകളിലുമൊക്കെ ശമ്പളം കൊടുക്കാതെ പറ്റുമോ? കൊടുക്കുന്ന ശമ്പളം കുടുംബമുള്ളവർക്ക് നൽകിയാൽ സഭക്ക് കിട്ടുമോ കാശ്. അതിനാണ് കുട്ടികളെ അതും ഇതിന് വരം കിട്ടാത്ത കുട്ടികളെ ചാക്കിട്ട് പിടിക്കുന്നത്. അവസാനം അങ്ങനെ വരം കിട്ടി എന്ന് വിശ്വസിക്കുന്ന ഞാൻ പുറത്തായില്ലേ. വരം കിട്ടാത്ത പലരും അതിന്റെ ഉള്ളിൽ സുഖമായി കഴിയുന്നു.

ആത്മീയത എല്ലാറ്റിലും ഉണ്ട്. മനുഷ്യൻ എവിടെ നിന്നോ പൊട്ടിമുളച്ച ഒന്നല്ല. മറിച്ച് മറ്റു സൃഷ്ടിജാലങ്ങളിൽനിന്ന് മനുഷ്യന് ഒരു പ്രത്യേകതയുണ്ട്. ഒരു സൃഷ്ടിയുണ്ടെങ്കിൽ സ്രഷ്ടാവുണ്ടാകും. അതിൽനിന്ന് വന്നു അതിലേക്ക് പോകുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. നമ്മുടെ മൂല്യങ്ങൾ, മനുഷ്യത്വം എന്നൊക്കെ പറയുന്നത് ആത്മീയതയുടെ പശ്ചാത്തലത്തിൽ തന്നെയാണ്. ഇന്ന് ആത്മീയതയല്ല ശക്തിപ്രാപിക്കുന്നത്. അനാവശ്യമായ നിയമങ്ങളും കെട്ടുപാടുകളും കൊണ്ടുള്ള അധമ മതബോധമാണ്. ഇത് സങ്കുചിതത്വത്തിലേക്ക് മനുഷ്യനെ നയിക്കുന്നു. യേശു പോലും ഒരു മതം സ്ഥാപിക്കുകയല്ല ചെയ്തത്, ജൂതമതം നിലനിൽക്കുമ്പോൾ ഇതിൽ അപാകതയുണ്ടെന്നും അത് തെറ്റാണെന്ന് ചൂണ്ടികാട്ടി ഒരു ജീവിതമാർഗം കാട്ടിത്തരുകയായിരുന്നു. അതാണ് ആത്മീയത. ഇതിനെ മതമായി ബന്ധിപ്പിക്കേണ്ട കാര്യമില്ല.

## ജമാഅത്തെ ഇസ്‌ലാമിയുടെ ശാക്തീകരണ ശ്രമങ്ങൾ

ഇസ്‌ലാമിനെക്കുറിച്ച് ഞാൻ അധികമൊന്നും പഠിച്ചിട്ടില്ല. അതുകൊണ്ടുതന്നെ അതേക്കുറിച്ച് കൂടുതൽ പറയുന്നില്ല. ബൈബിളിൽ പറഞ്ഞതിന് സമാനമായത് മുഹമ്മദ് നബി പറഞ്ഞിട്ടുണ്ട് എന്ന് കേൾക്കുന്നു. സ്ത്രീകൾക്ക് സ്വാതന്ത്ര്യം കൊടുക്കുന്നതിൽ അദ്ദേഹം ഇടപെട്ടു എന്ന് കേൾക്കുമ്പോൾ സന്തോഷം തോന്നുകയാണ്. ഈ ശിക്ഷണം തന്നെയാണ് മുസ്‌ലിം സമൂഹത്തെ ഏറ്റവും സ്നേഹമുള്ളവരാക്കി മാറ്റുന്നതും. മുസ്‌ലിം പെൺകുട്ടികൾ നല്ല ബുദ്ധിയുള്ളവരാണ്. അവരെ നന്നായി വിദ്യാഭ്യാസം ചെയ്യാൻ അനുവദിക്കുകയാണ് വേണ്ടത്. റാങ്ക് നേടുന്നതിൽ ഈ പൊൺകുട്ടികൾ മുന്നിലാണ്. ശക്തമായ പ്രോത്സാഹനമാണ് വേണ്ടത്.

ജമാഅത്തെ ഇസ്‌ലാമിയിൽ സ്ത്രീകൾക്ക് അർഹമായ സ്ഥാനം നൽകുന്നതിനെ ഞാൻ സന്തോഷത്തോടെ കാണുന്നു. സ്ത്രീകളുടെ സ്ഥാനം കൃത്യമായി നിർണയിച്ചുകൊടുക്കുന്ന അവസ്ഥ നല്ലതാണ്. ഈ അർഥത്തിലാണ് ജമാഅത്തെ ഇസ്‌ലാമിയുടെ സമ്മേളനമെങ്കിൽ ഞാൻ സന്തോഷിക്കുന്നു. മറിച്ച് സ്ത്രീയെ ദുർബലയാക്കുന്നുവെങ്കിൽ എനിക്ക് എതിർക്കേണ്ടിവരും. പെണ്ണിനെ അവളുടെ സ്വാതന്ത്ര്യം വകവെച്ചുകൊടുത്ത് പരിപാടികൾ നടത്തുന്നത് ശരിയായ സ്ത്രീ സ്വാതന്ത്ര്യത്തിന്റെ തുടക്കമാണെങ്കിൽ ഏറ്റവും കൂടുതൽ ആഹ്ലാദിക്കുന്നവൾ ഞാൻ തന്നെയാണ്. പെണ്ണിന് പെണ്ണിന്റെ ഇടം വകവെച്ച് കൊടുക്കുന്നതാണല്ലോ പെൺസ്വാതന്ത്ര്യത്തിന്റെയും സ്ത്രീശാക്തീകരണത്തിന്റെയും തുടക്കവും മനോഹാരിതയും. ■